കേരള സർക്കാർ

## പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ്

# കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി

കേരളത്തിലെ തണ്ണീർത്തടങ്ങളുടെ സമഗ്ര സംരക്ഷണ, പരിപാലന പ്രവർത്തനങ്ങൾക്കായുള്ള ഒരു സ്വയം ഭരണ അതോറിറ്റിയായി 25.05.2015 ൽ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി നിലവിൽ വന്നു. 2010 ലെ തണ്ണീർത്തട (സംരക്ഷണവും പരിപാലനവും) ചട്ടം സെക്ഷൻ 5 പ്രകാരമാണ് കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകൃതമായത്. തിരുവിതാംകൂർ കൊച്ചി ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ചട്ടപ്രകാരം 17.02.2016 ൽ ഇത് ഒരു സ്വയംഭരണ അതോറിറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരണം, സമഗ്ര വികസന സംരക്ഷണ പദ്ധതി നടപ്പാക്കൽ, ഗവേഷണം, അവബോധ പരിപാടികൾ, വിഭവ സമാഹരണം എന്നിവയാണ് സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ.

സംസ്ഥാന പരിസ്ഥിതി വകുപ്പ് മന്ത്രി ചെയർമാനായും, ചീഫ് സെക്രട്ടറി വൈസ് ചെയർമാനായും, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായിട്ടുള്ളതാണ് സംസ്ഥാന തണ്ണീർത്തട അതോറിറ്റി.



## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- ✓ കേരളത്തിലെ തണ്ണീർത്തടങ്ങളുടെ പരിസ്ഥിതിയും ജൈവ വൈവിധ്യവും പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
- ✓ തണ്ണീർത്തടങ്ങളെ ദോഷകരമായി ബാധിക്കുന്ന പ്രവൃത്തികൾ നിയന്ത്രിക്കുകയും/ തടയുകയും ചെയ്യുക.
- ✓ പ്രധാന തണ്ണീർത്തടങ്ങളുടെ സമഗ്ര വികസനത്തിനു വേണ്ടിയുള്ള പദ്ധതി രൂപരേഖ തയ്യാറാക്കുക.
- ✓ പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്തുക.
- ✓ തണ്ണീർത്തടവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടത്തുന്നതിനു വേണ്ട മേൽനോട്ടം വഹിക്കുക.
- ✓ തണ്ണീർത്തടങ്ങളുടെ വികസനത്തിനായി ദേശീയ കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക.
- ✓ ജല ഗുണനിലവാരം ഉറപ്പാക്കുക, തണ്ണീർത്തട പരിസ്ഥിതി ശോഷണം തടയുക.
- ✓ പുതിയ തണ്ണീർത്തടങ്ങൾ വിജ്ഞാപനം ചെയ്യുന്നതിനായി സർക്കാരിനെ സഹായിക്കുക.
- ✓ തണ്ണീർത്തടങ്ങളുടെ അതിർത്തികൾ, വൃഷ്ടി പ്രദേശം എന്നിവ സംബന്ധിച്ച തർക്കം പരിഹരിക്കുക.
- ✓ തണ്ണീർത്തട പരിപാലനവുമായി ബന്ധപ്പെട്ട സാങ്കേതിക വിഷയങ്ങൾ കൈകാര്യം ചെയ്യുക.

## നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ

- ✓ കേരളത്തിലെ മുഴുവൻ തണ്ണീർത്തടങ്ങളുടെയും പട്ടികയും അവയുടെ ഭൂപടവും തയ്യാറാക്കി വരുന്നു.
- ✓ കേരളത്തിലെ റാംസാർ തണ്ണീർത്തടങ്ങളുടെ സമഗ്ര വികസനത്തിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.
- ✓ മൺറ്റ്രോതുരുത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ വിലയിരുത്തി അവ പരിഹരിക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി ഈ വർഷത്തിൽ തന്നെ തുടങ്ങുന്നതായിരിക്കും.

**State Wetland Authority, Kerala (SWAK)**

**Directorate of Environment & Climate Change**
Pallimukku, Pettah P.O., Thiruvananthapuram- 695 024
Ph:+91 471-2742264 (Off); +91 471-274255
e-mail: environmentdirectorate@gmail.com
web: www.envt.kerala.gov.in